CODE : ML9101

# ഒന്നാം പാദവാർഷിക മൂല്യനിർണയം -2017

## മലയാളം

## കേരളപാഠാവലി

സ്റ്റാന്റേർഡ് IX

സമയം :1½ മണിക്കൂർ

ആകെ സ്കോർ : 40

**പൊതുനിർദ്ദേശങ്ങൾ**

- ആദ്യത്തെ 15 മിനിറ്റ് ആശ്വാസസമയമാണ്.ചോദ്യങ്ങൾ വായിച്ച് ഉത്തരങ്ങൾ മനസ്സിൽ ക്രമീകരിക്കുന്നതിന് ഈ സമയം പ്രയോജനപ്പെടുത്തണം.
- നിർദ്ദേശങ്ങൾ ശ്രദ്ധയോടെ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക
- ഉത്തരമെഴുതുമ്പോൾ സമയവും സ്കോറും പരിഗണിക്കണം.

1. താഴെ കൊടുത്തിരിക്കുന്ന പട്ടിക ക്രമപ്പെടുത്തുക. 3

| വരികൾ | ദൃശ്യം | ഔചിത്യം |
|---|---|---|
| • പൂർവദിങ്മുഖത്തിങ്കൽ സിന്ദൂരപൂരം പൂശി- പ്പൂവിനെച്ചിരിപ്പിച്ചു വന്നെത്തും പുലരിയും | നക്ഷത്രങ്ങൾ നിറഞ്ഞ ആകാശം | നർത്തകിയുടെ ചലനത്തിലുള്ള സാമ്യം |
| • മുല്ലമൊട്ടുകൾ വാരി വാനിങ്കൽ വിതറിക്കൊ- ണ്ടുല്ലാസഭരിതയാ- -യണയും സന്ധ്യാശ്രീയും | കാറ്റിൽ ചലിക്കുന്ന വള്ളികൾ | ചക്രവാളത്തിൽ പരന്ന ചുവപ്പ് നിറം |
| • വല്ലികാനടികൾ നൽ പല്ലവാകുലമായ ചില്ലക്കൈയുകളാട്ടി നർത്തനം ചെയ്തീടവേ | പ്രഭാതത്തിലെ കിഴക്കൻ ചക്രവാളം | ആകൃതിയിലും നിറത്തിലുമുള്ള സാദൃശ്യം |

2. <u>പേന മരിച്ചുകിടപ്പൂ</u> നിൻ ട്രങ്കിന്റെ
മൂലയിൽ, കൊക്കുകൾ പൂട്ടിയിരുന്നു നാം
അടിവരയിട്ട പ്രയോഗം നൽകുന്ന സൂചന

- അവർക്ക് എഴുതാൻ അറിയില്ല
- ഗൃഹജോലികൾക്കിടയിൽ എഴുതാൻ സമയമില്ല
- ദാമ്പത്യത്തിൽ വിരസത ബാധിച്ചിരിക്കുന്നു
- അവരുടെ പേനയിൽ മഷിയില്ല 1

3. "നോക്കമ്മേ, ആ കുട്ടിയുടെ മുഖത്ത് എന്തൊരു തെളിച്ചം " കണ്ണമ്മയുടെ മുഖത്തുണ്ടായ ഭാവമാറ്റത്തിന്റെ കാരണം വിശദമാക്കുക. 2

4. അടിവരയിട്ട പ്രയോഗങ്ങളുടെ വ്യത്യാസം കണ്ടെത്തുക. 2
അവന്റെ കത്ത് വന്നില്ലെങ്കിൽ എന്റെ വയറ്റില് തീയ്യാണ്.
തീയ്യോട് കളിക്കുമ്പം സൂക്ഷിക്കുന്നതാണ് നല്ലത്.

**5 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉത്തരമെഴുതുക. (ഓരോന്നിനും 4 സ്കോർ വീതം-അരപ്പുറം)** 4 x 5 = 20

5. കണ്ണമ്മയുടെ അനുഭവലോകത്തിൽ ശബ്ദത്തിനും സ്പർശനത്തിനുമാണ് പരമപ്രധാന്യം.
കഥയിൽ നിന്ന് ഉചിത സന്ദർഭങ്ങൾ കണ്ടെത്തി ഈ പ്രസ്താവനയുടെ സാംഗത്യം പരിശോധിക്കുക

6. "ബാഹ്യലോകത്തിൽ അത്രയ്ക്കാകർഷകമല്ലാത്ത ഭാവവും കാവ്യത്തിലാകർഷകമായിട്ടാണല്ലോ കണ്ടുവരുന്നത് " എന്ന ജോസഫ് മുണ്ടശ്ശേരിയുടെ അഭിപ്രായത്തിന്റെ സാധുത താഴെകൊടുത്ത കവിതാഭാഗം വായിച്ച് പരിശോധിക്കുക.

വഴകിപ്പഴകിപ്പറിഞ്ഞു വല്ലാതിഴ
നീങ്ങിടിന മുണ്ടുമരയ്ക്കു ചുറ്റി
കുഴയും വയറോടു ഹന്ത പിച്ച-
ക്കൊച്ചനെ നിങ്ങൾ കണ്ടിരിക്കും
ദയനീയമവന്റെ ദേഹവാട്ടം നയനം
കുണ്ടിലിറങ്ങി മങ്ങലാർന്നു.

7. പണ്ടു പണ്ടു - വളരെക്കാലം മുൻപ് - അതും ഒരു വലിയ പാറയിൽ നിന്നോ ഒരു വലിയ കല്ലിൽ നിന്നോ പൊട്ടിച്ചെടുക്കപ്പെട്ട ചെറുകഷണം പോലെ,വളരെ മുനകളും മൂലകളുമുള്ള ഒരു കല്കഷണമായിരുന്നു എന്ന് അത് നിന്നോട് പറയും. അവിടെ മഴപെയ്ത് ആ വെള്ളത്തിൽ അത് താഴ്വരയിലേക്ക് ഒലിച്ചു പോന്നു.

........................................................................................................................

അങ്ങനെ അതിന്റെ മുനകൾ തേഞ്ഞുപോവുകയും പരുപരുത്ത പുറം മിനുസവും മിന്നിച്ചയുമുള്ളതാവുകയും ചെയ്തു.ഇപ്രകാരമാണ് പരുപരുത്ത പാറക്കഷണം നീ കാണുന്ന വിധത്തിലായത്

(ഒരച്ഛൻ മകൾക്കയച്ച കത്തുകൾ-നെഹ്റു)

നദിക്ക് ഒരുപാടൊരുപാട് ശബ്ദങ്ങളുണ്ടെന്നത് സത്യമല്ലേ എന്റെ ചങ്ങാതീ? അതിന് ഒരു ചക്രവർത്തിയുടെ ശബ്ദമില്ലേ? ഒരു പോരാളിയുടെ ,കാളയുടെ, രാപ്പാടിയുടെ,ഗർഭിണിയുടെ,ദീർഘശ്വാസ മുതിർക്കുന്ന ഒരു മനുഷ്യന്റെ? എന്നല്ല മറ്റൊരായിരം ശബ്ദങ്ങളും അതിനില്ലേ?
"അതങ്ങനെയാണ് "വാസുദേവൻ തലകുലുക്കി.
" എല്ലാ ജീവജാലങ്ങളുടെയും ശബ്ദങ്ങൾ അതിന്റെ ശബ്ദത്തിലുണ്ട് "

(സിദ്ധാർത്ഥ- ഹെർമ്മൻ ഹെസ്സെ).

ഇരു സന്ദർഭങ്ങളും പ്രകൃതിയെകുറിച്ച് നമുക്ക് നൽകുന്ന പാഠമെന്ത് ? താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക.

8. " മാഞ്ഞു പുതുമ,വിവാഹിതയാം മുമ്പു-
നീയണിയാറുള്ള ഭംഗികൾക്കൊക്കെയും "
എന്നു പറയുന്നു കവി

" പോയ മധുവിധുക്കാലത്തിനേക്കാളു-
മിന്നു പ്രിയമുണ്ടെനിക്കു നിന്നോടെടോ "
എന്നു പറയാൻ ഇടയാകുന്ന സാഹചര്യം വിലയിരുത്തി കുറിപ്പ് തയാറാക്കുക.

9. സ്വന്തം കാലിൽ നിൽക്കാറാകുമ്പോൾ നാടും വീടും ബന്ധങ്ങളും വേരുകളും മറക്കുന്ന പുതു തലമുറയുടെ പ്രതീകമാണ് ' കീറിപ്പൊളിഞ്ഞ ചകലാസ് 'എന്ന കഥയിലെ ഗോപി. ഈ അഭിപ്രായത്തോടുള്ള നിങ്ങളുടെ പ്രതികരണം എന്ത്? കുറിപ്പ് തയാറാക്കുക.

10. " തന്നിൽ നിന്ന് വേറിട്ടു നിൽക്കുന്ന എന്തും ഇന്ദ്രിയ വിഷയമായി മനസ്സിനിണങ്ങി ആഹ്ലാദകരമായിത്തീരുമ്പോൾ മനുഷ്യൻ അതിനെ സുന്ദരമായെണ്ണുന്നു. "
(സൗന്ദര്യം)

"വിശ്വസിക്കാനാവാതെ പതുക്കെ തടവി നോക്കാൻ കൈപ്പടം അനക്കിയപ്പോൾ മണികിലുക്കം പോലെ കൗതുകമുണർത്തുന്ന നാദം! പെട്ടെന്നു മനസ്സിൽ ആഹ്ലാദത്തിന്റെ രോമാഞ്ചം ! "

(കുപ്പിവളകൾ)

അന്ധയായ കണ്ണമ്മയ്ക്ക് ഉണ്ടായ ഈ അനുഭവം മുകളിൽ കൊടുത്ത അഭിപ്രായത്തെ സാധൂകരിക്കുന്നതാണോ?
സന്ദർഭങ്ങൾ വിലയിരുത്തി ലഘുക്കുറിപ്പ് തയാറാക്കുക.

**11 മുതൽ 13 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക (ഓരോന്നിനും 6 സ്കോർ വീതം -ഒന്നരപ്പുറം)** 6 x 2 = 12

11. സാഹിത്യകാരൻ തനിക്കുള്ളിൽകൊണ്ട നാനാഭാവങ്ങൾക്കു തന്റെ കൃതിയിൽ രൂപം നൽകുന്നു. രൂപം തികച്ചും ഭാവത്തിനൊത്തു കഴിഞ്ഞാൽ കാവ്യം സുന്ദരമായി.ജോസഫ് മുണ്ടശ്ശേരിയുടെ ഈ അഭിപ്രായം 'സൗന്ദര്യലഹരി ' എന്ന കവിതയ്ക്ക് എത്രമാത്രം യോജിക്കുന്നുണ്ടെന്ന് കണ്ടെത്തി ലഘു ഉപന്യാസം തയാറാക്കുക.

12. "പ്രകൃതിയിൽ നിന്നും അനുഭവപാഠങ്ങൾ ഉൾക്കൊണ്ട് ഒരു ജീവിതശൈലി രൂപപ്പെടുത്തുകയായിരുന്നു സിദ്ധാർത്ഥൻ". സിദ്ധാർത്ഥന്റെ ജീവിതവീക്ഷണത്തെ മുൻനിർത്തി ലഘൂപന്യാസം തയ്യാറാക്കുക.

13. ആസ്വാദനം തയ്യാറാക്കുക

അഴകൊഴുകുന്നൊരു നാടാണതുലം
പുഴകൾ നിറഞ്ഞൊരു നാടാണേ
മഞ്ഞു പുതച്ചൊരു മരതകമേടുകൾ
മന്ദമൊലിക്കും ചോലകളും
വെള്ളിയുറുപ്പിക പോലെ തിളങ്ങും
വെള്ളാമ്പൽച്ചെറു പൊയ്കകളും
മൂളിപ്പാട്ടുകൾ പാടിനടക്കും
കുളിർ മാരുതനും പറവകളും
കന്നിനിലാവിൽ പുളകം പൂശും
കനകക്കതിരണി വയലുകളും
തെങ്ങിൻ തോപ്പുകൾ, പയ്യിൻ ചാർത്തുകൾ
പൊങ്ങിപ്പാറും പാറ്റകളും
അങ്ങനെ പലതും തിങ്ങിവിളങ്ങും
മഞ്ജുളനാടാണെൻ ഗ്രാമം

**(പി.കുഞ്ഞിരാമൻ നായർ)**

അതുലം = തുലനം ചെയ്യാൻ പറ്റാത്ത

*******************